**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2306 — 09.12.2014-ലെ മറുപടിയ്ക്ക്

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ വ്യാജ സർട്ടിഫിക്കറ്റ് വഴി ജോലി നേടിയ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനത്തിനുവേണ്ട വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ; | (എ) അംഗീകൃത സർവ്വകലാശാല ബിരുദം, പി.ജി.ഡി.സി.എ.യോ തത്തുല്യ യോഗ്യതയോ, ഒരു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ്ണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിന് വേണ്ട യോഗ്യത. |
| (ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു; തസ്തികയുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കാമോ; | (ബി) ഈ തസ്തികയിൽ ഇപ്പോൾ ആരും ജോലി ചെയ്യുന്നില്ല. ശ്രീമതി.രശ്മി വി.ആർ. ടി തസ്തികയിൽ ജോലി ചെയ്തിരുന്നു. |
| (സി) നിശ്ചിത യോഗ്യതയില്ലാതെ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നൽകിയ ആളെ നിയമവിരുദ്ധമായി അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ബോർഡിൽ കമ്പ്യൂട്ടർവൽക്കരണത്തെത്തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 8.11.10 ലെ സർക്കാർ ഉത്തരവ് (നം.689/2010/സഹ) പ്രകാരം സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിർത്തലാക്കുകയും ചെയ്തിരുന്നു. പഴയ സ്റ്റാഫ് പാറ്റേണിൽ എൽ.ഡി.ക്ലർക്കിന് തൊട്ട് മുകളിൽ ശമ്പള സ്കെയിൽ അനുവദിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക അബോളിഷ് ചെയ്ത സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | ടിയാളെ ബോർഡ് ഭരണസമിതിയുടെ തീരുമാന പ്രകാരം അസിസ്റ്റന്റ് മാനേജർ തസ്തികയിൽ അബ്സോർബ് ചെയ്യുകയാണ് ഉണ്ടായത്. |
| (ഡി) | വ്യാജ കമ്പ്യൂട്ടർ ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയിട്ടുള്ള ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; | (ഡി) | ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.രശ്മി വി.ആർ. ഹാജരാക്കിയിരുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമില്ലായെന്ന് സർക്കാർ കണ്ടെത്തിയതു പ്രകാരം ടിയാൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശം സംബന്ധിച്ച് 28.3.2013-ൽ ചേർന്ന ബോർഡ് യോഗം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി ബോർഡ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ.ഇ.നാരായണൻ, ശ്രീ.പി.വി.ബാലചന്ദ്രൻ, ശ്രീ.ഇ.കെ.ദിവാകരൻ എന്നിവർ ഉൾപ്പെട്ട അച്ചടക്ക സമിതിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. അച്ചടക്ക സമിതി ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി. ശ്രീമതി.വി.ആർ.രശ്മിയിൽ നിന്ന് വിശദീകരണം തേടുകയും ആഫീസ് രേഖകളും ശ്രീമതി.വി.ആർ.രശ്മിയുടെ വിശദീകരണവും പരിശോധിക്കുകയും ചെയ്തു. ശ്രീമതി.രശ്മിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ ആവശ്യമില്ലായെന്ന് അച്ചടക്ക സമിതി ബോർഡ് മുമ്പാകെ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക സമിതി റിപ്പോർട്ട് പരിഗണിച്ച് ഈ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | മേൽനടപടി ആവശ്യമില്ലായെന്ന് 3.7.2013-ലെ 5-ാം നമ്പർ തീരുമാന പ്രകാരം ബോർഡ് ഭരണസമിതി തീരുമാനം കൈക്കൊണ്ടു. |
| (ഇ) | വ്യാജസർട്ടിഫിക്കറ്റ് നൽകി ജോലി നേടിയ വിഷയത്തിൽ കോടതികളിൽ കേസ് നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലി നേടിയ വിഷയത്തിൽ ശ്രീ.സതീഷ് ചന്ദ്രൻ ലോകായുക്തയിൽ കേസ്സ് നൽകിയിട്ടുണ്ട്. കൂടാതെ 8 വർഷം മുമ്പ് ഡാറ്റാ എൻട്രി തസ്തികയിൽ അപേക്ഷ നൽകിയ ശ്രീ.അശോക്.എം. നായർ എന്ന ഉദ്യോഗാർത്ഥി ബഹു.ഹൈക്കോടതിയിൽ 28266/2013 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി റിട്ട് പെറ്റീഷനിലൂടെ ശ്രീ.അശോക് എം.നായർ ബോർഡിലെ അസിസ്റ്റന്റ് മാനേജർ ശ്രീമതി.രശ്മി.വി.ആറിന്റെ കമ്പ്യൂട്ടർ പി.ജി.ഡി.സി.എ സർട്ടിഫിക്കറ്റ്, അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള നിയമനം എന്നിവ സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് 3.9.2014 ലെ വിധി ന്യായ പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് പെറ്റീഷൻ തള്ളി ഉത്തരവായിട്ടുണ്ട്. |
| (എഫ്) | സർക്കാർ കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എഫ്) | സർക്കാരിനെ 3-ാം എതിർ കക്ഷിയാക്കിയാണ് ശ്രീ.അശോക് എം.നായർ WP(C) No.28266/2013 എന്ന റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നത്. പ്രസ്തുത റിട്ട് പെറ്റീഷന്റെ പകർപ്പ് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടുണ്ടായിരുന്നില്ല. ടി റിട്ട് പെറ്റീഷനിൽ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും challenge ചെയ്തിരുന്നോയെന്നതും പ്രസ്തുത റിട്ട് പെറ്റീഷന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ |

പരിശോധിക്കുവാനും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വരുന്ന അവസരത്തിൽ തന്നെ ബഹു.ഹൈക്കോടതി വിധി പ്രസ്താവിക്കുകയാണുണ്ടായത്. കൂടാതെ സഹകരണ വികസന ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ നടത്തുന്നതിനും, ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ബോർഡ് ഭരണസമിതിയ്ക്കാണ്. ബോർഡിൽ വ്യാജ കമ്പ്യൂട്ടർ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയതിനെയാണ് റിട്ട് പെറ്റീഷനിൽ പ്രധാനമായും ചോദ്യം ചെയ്തിരിക്കുന്നത് എന്ന് വിധിന്യായം പരിശോധിച്ചതിൽ മനസ്സിലാക്കുന്നു. ടി വിധിന്യായത്തിലെ ഖണ്ഡിക 5-ൽ ഗവണ്മെന്റ് പ്ലീഡറുടെ ഭാഗം കൂടി കേട്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ജി) സർക്കാർ കക്ഷി ചേരാത്തതുകൊണ്ട് വ്യാജ സർട്ടിഫിക്കറ്റ് ഉടമയ്ക്ക് അനുകൂലമായ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ചുവെന്ന് സർക്കാരിന് ബോധ്യപ്പെട്ട ഉദ്യോഗസ്ഥയെ ജോലിയിൽനിന്നും പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ; | (ജി) സർക്കാർ കക്ഷി ചേരാത്തതിനാലാണ് ഈ കേസിൽ ആർക്കെങ്കിലും അനുകൂലമായി കോടതി വിധി വന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോർഡിന്റെ രൂപീകരണം പ്രതിപാദിക്കുന്ന സർക്കാരിന്റെ 3.7.2000 ലെ ജി.ഒ.(പി) 108/2000/സഹ നമ്പർ ഗസറ്റ് നോട്ടിഫിക്കേഷനിലെ (എസ്.ആർ.ഒ 616/2000) ക്ലാസ് 16(ബി) പ്രകാരം ബോർഡിലെ ജീവനക്കാരുടെ നിയമനാധികാരി ബോർഡ് ഭരണസമിതിയാണ്. ആയതിനാൽ ബോർഡിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ട വിഷയം സംബന്ധിച്ച് ഉചിതമായി തീരുമാനം കൈക്കൊള്ളേണ്ടത് ബോർഡ് ഭരണ സമിതിയാണ്. 28266/13 നമ്പർ റിട്ട് പെറ്റീഷനിലെ |

| | |
|---|---|
| സർക്കാരിന്റെയും ക്ഷേമനിധി ബോർഡിന്റെയും അനാസ്ഥമൂലം വ്യാജ സർട്ടിഫിക്കറ്റുടമ കോടതിയിൽനിന്നും നേടിയെടുത്ത അനുകൂലവിധിക്കെതിരെ അപ്പീൽ പോകുവാൻ ക്ഷേമനിധി ബോർഡോ സർക്കാരോ തയ്യാറാകുമോ; കേരള സഹകരണ വികസന ബോർഡിൽ ഡാറ്റ എൻട്രി തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ടി തസ്തിക ഇല്ലാതാക്കാനുള്ള കാരണമെന്താണ്? | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3.9.2014 ലെ വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ ഇപ്പോൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രത്യേക സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ കമ്പ്യൂട്ടറിലൂടെ ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയുടെ ആവശ്യകത ഇല്ലെന്ന ബോർഡിന്റെ അപേക്ഷ പരിഗണിച്ചാണ് തസ്തിക നിർത്തലാക്കിയത്. |

സെക്ഷൻ ഓഫീസർ